**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6723          09.11.2016-ൽ മറുപടിക്ക്

**സി.ഡാക്ക് എംപ്ലോയീസ് സഹകരണ സംഘം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സി.ഡാക്ക് എംപ്ലോയീസ് സഹകരണ സംഘം നമ്പർ T. 1004-ൽ 65- ാം വകുപ്പ് അനുസരിച്ച് നടന്ന എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) സി.ഡാക്ക് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ റ്റി. 1004-ൽ 65-ാം വകുപ്പ് പ്രകാരമുള്ള എൻക്വയറി നടത്തിയിട്ടില്ല. എന്നാൽ ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) എടുത്ത നടപടികളുടെ വിശദ വിവരം നൽകുമോ ? | (ബി) വകുപ്പ് 66 പ്രകാരമുള്ള 06.04.2016-ലെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സംഘത്തിനുണ്ടായ നഷ്ടം ഉത്തരവാദികളുടെ മേൽ ചുമത്തി നിർണ്ണയിക്കുന്നതിനായി 17.10.2016-ൽ രണ്ട് മാസത്തെ സമയപരിധി നിശ്ചയിച്ച് വകുപ്പ് 68(1) പ്രകാരം ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**